©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2025 മാർച്ച് 05<br>05th March 2025<br>1200 കുംഭം 21<br>21st Kumbham 1200<br>1946 ഫാൽഗുനം 14<br>14th Phalguna 1946 | നമ്പർ<br>No. | 837 |


GOVERNMENT OF KERALA

**Labour and Skills (E) Department**

NOTIFICATION

No.LBRD-E1/43/2024-LBRD.

*Dated, Thiruvananthapuram, 28th February, 2025*
*16th Kumbham, 1200.*

The following proposal regarding the revision of minimum rates of wages which the Government of Kerala proposes to make in exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with clause (b) of sub-section (1) of section 5 thereof and in supersession of the notification issued under G.O. (P) No. 38/2017/LBR. dated 9th May, 2017 and published as S.R.O. No.256/2017 in the Kerala Gazette

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Extraordinary No.978 dated 12th May, 2017 payable to the classes of employees employed in the Private Security Service Sector in the State of Kerala, as specified in the Schedule annexed hereto are hereby published for the information of all persons likely to be affected thereby as required by clause (b) of sub-section (1) of section 5 of the said Act.

Notice is hereby given that the said proposal will be taken up for consideration on or after two months from the date of publication of this notification in the official Gazette and that the objections and suggestions, if any, that may be received from any person with respect to the said proposal on or before the time limit specified above, will be considered by the Government. All such objections and suggestions shall be addressed to the Secretary to Government, Labour and Skills (E) Department, Government Secretariat, Thiruvananthapuram - 695 001.

## SCHEDULE

| *Sl.No.* | *Category* | *Monthly rates of Minimum Wages (Basic Wages) (₹)* |
|---|---|---|
| 1. | Manager | 22020-300-23520-350-25270 |
| 2. | Assistant Manager/ Operations Manager | 21600-300-23100-350-24850 |
| 3. | Supervisor | 21250-300-22750-350-24500 |
| 4. | Head Guard | 20760-300-22260-350-24010 |
| 5. | Security Guard (armed) | 19840-300-21340-350-23090 |
| 6. | Security Guard (unarmed) | 17880-250-19130-300-20630 |
| 7. | Accountant/ Cashier/ Clerk | 17880-250-19130-300-20630 |
| 8. | Office Attendant | 16180-200-17180-250-18430 |
| 9. | Sweeper/ Cleaner | 15600-175-16475-200-17475 |

**Dearness Allowance**

In addition to the basic rates of wages, the employees shall be eligible for Dearness Allowance on the basis of Consumer Price Index Numbers. Dearness Allowance shall be paid at the rate of ₹ 60 for every increase of one point above 165 points (new series 2011-12=100) of the Consumer Price Index Numbers published by the Department of Economics and Statistics for concerned District Headquarters.

If any employee will be eligible to get the wages at maximum rate prescribed in the pay scale, then such employee shall be paid an annual increment at the rate prescribed in the higher time scale for

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

every completed year of service.

**General Conditions**

1. If any other posts in this sector are not included in the Schedule above, then such posts shall be provided with the Minimum rate of wages, Dearness Allowance and Increment prescribed for the similar posts in the sector.

2. In case where an employee who is employed in a scheduled establishment directly by the employer and not through another person, or agency, is eligible for the minimum rate of wages payable to that scheduled employment and as such the minimum rates of wages fixed as per this notification are not applicable to such employees.

3. For the calculation of daily wages for categories in respect of which monthly wages have been fixed in the notification, basic monthly wage including Dearness Allowance shall be divided by 26.

4. In the case of employees of any establishment or under an employer who are at present getting higher wages than the minimum wages as per the final notification they shall continue to enjoy such higher rates.

By order of the Governor,

Dr. VASUKI K.,

*Secretary to Government.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സർക്കാർ

**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്**

വിജ്ഞാപനം

നമ്പർ. ഇ 1/43/2024/തൊഴിൽ

തിരുവനന്തപുരം, തീയതി, 2025, ഫെബ്രുവരി 28
1200, കുംഭം 16.

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ്, (ബി) ഖണ്ഡവും കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 2017 മേയ് 9-ാം തീയിതിലെ സ.ഉ.(അച്ചടി) 38/2017/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2017 മേയ് 12-ാം തീയതിയിലെ 978-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 256/2017 നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, കേരള സർക്കാർ, സംസ്ഥാനത്തെ സ്വകാര്യ സെക്യൂരിറ്റി സർവ്വീസ് മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറഞ്ഞിട്ടുള്ള പ്രകാരം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം അത് ബാധകമാകാനിടയുള്ള എല്ലാ ആളുകളുടെയും അറിവിലേയ്ക്കായി ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

പ്രസ്തുത നിർദ്ദേശങ്ങൾ, ഈ വിജ്ഞാപനം ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ രണ്ട് മാസം തികയുന്ന തീയതിക്കോ അതിനു ശേഷമോ പരിഗണനയ്ക്ക് എടുക്കുന്നതാണെന്നും പ്രസ്തുത നിർദ്ദേശങ്ങൾ സംബന്ധിച്ച് മേൽപ്പറഞ്ഞ തീയതിക്കോ അതിനു മുമ്പോ ഏതെങ്കിലും ആളിൽനിന്ന് ലഭിച്ചേക്കാവുന്ന അങ്ങനെയുള്ള ആക്ഷേപങ്ങളോ നിർദ്ദേശങ്ങളോ, എന്തെങ്കിലുമുണ്ടെങ്കിൽ, അവ സർക്കാർ പരിഗണനയ്ക്കെടുക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു. അങ്ങനെയുള്ള എല്ലാ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഗവൺമെന്റ് സെക്രട്ടറി, തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 695 001 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**പട്ടിക**

| ക്രമ നമ്പർ | തസ്തിക | ഏറ്റവും കുറഞ്ഞ പ്രതിമാസ വേതന നിരക്കുകൾ (അടിസ്ഥാന വേതനം) (₹) |
|---|---|---|
| 1. | മാനേജർ | 22020-300-23520-350-25270 |
| 2. | അസിസ്റ്റന്റ് മാനേജർ/ ഓപ്പറേഷൻസ് മാനേജർ | 21600-300-23100-350-24850 |
| 3. | സൂപ്പർവൈസർ | 21250-300-22750-350-24500 |
| 4. | ഹെഡ് ഗാർഡ് | 20760-300-22260-350-24010 |
| 5. | സെക്യൂരിറ്റി ഗാർഡ് (സായുധരായ) | 19840-300-21340-350-23090 |
| 6. | സെക്യൂരിറ്റി ഗാർഡ് (സായുധരല്ലാത്ത) | 17880-250-19130-300-20630 |
| 7. | അക്കൗണ്ടന്റ്/ കാഷ്യർ/ ക്ലാർക്ക് | 17880-250-19130-300-20630 |
| 8. | ഓഫീസ് അറ്റൻഡന്റ് | 16180-200-17180-250-18430 |
| 9. | സ്വീപ്പർ/ ക്ലീനർ | 15600-175-16475-200-17475 |

**ക്ഷാമബത്ത**

അടിസ്ഥാന വേതനത്തിന് പുറമേ, ജീവനക്കാർക്ക് ഉപഭോക്തൃവില സൂചികയുടെ അടിസ്ഥാനത്തിലുള്ള ക്ഷാമബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ബന്ധപ്പെട്ട ജില്ലാ ആസ്ഥാനങ്ങൾക്കായി പ്രസിദ്ധീകരിക്കുന്ന 2011-12=100 സീരീസിലെ ഉപഭോക്തൃവില സൂചികയിലെ 165 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും ₹60 നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

ഏതെങ്കിലും ജീവനക്കാരൻ അർഹതപ്പെട്ട ശമ്പള നിരക്കിന്റെ പരമാവധിയിൽ എത്തുകയാണെങ്കിൽ, പ്രസ്തുത ജീവനക്കാരന് തുടർന്നുള്ള ഓരോ വർഷത്തെ സർവ്വീസിനും നിശ്ചയിച്ചിട്ടുള്ള ശമ്പള സ്കെയിലിലെ അവസാന നിരക്കിൽ തുടർന്നും വാർഷിക ഇൻക്രിമെന്റ് നൽകേണ്ടതാണ്.

**പൊതു വ്യവസ്ഥകൾ**

1. ഈ മേഖലയിലെ ഏതെങ്കിലും തസ്തികകൾ മേൽപ്പറഞ്ഞ പട്ടികയിൽ ഉൾപ്പെടുന്നില്ലെങ്കിൽ അത്തരം ജീവനക്കാർക്ക് സമാന മേഖലയിലെ തസ്തികയിലുള്ള ജീവനക്കാർക്ക് നിർണ്ണയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ വേതനം, ക്ഷാമബത്ത, ഇൻക്രിമെന്റ് എന്നിവ നൽകേണ്ടതാണ്.

2. ഏതെങ്കിലും ഒരു ഷെഡ്യൾഡ് സ്ഥാപനത്തിൽ മറ്റൊരാൾ മുഖേനയോ ഏജൻസി മുഖേനയോ അല്ലാതെ തൊഴിലുടമ നേരിട്ട് നിയമിക്കുന്ന ജീവനക്കാർക്ക്, പ്രസ്തുത ഷെഡ്യൂൾഡ് എംപ്ലോയ്മെന്റിൽ നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കിന് അർഹതയുണ്ടായിരിക്കുന്നതും, പ്രസ്തുത വിഭാഗം ജീവനക്കാർക്ക് ഈ വിജ്ഞാപനപ്രകാരം നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ കൂലി നിരക്ക് ബാധകമായിരിക്കുന്നതുമല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. വിജ്ഞാപനത്തിൽ മാസവേതനം നിശ്ചയിച്ചിട്ടുള്ള വിഭാഗത്തെ സംബന്ധിച്ച് ദിവസവേതനം കണക്കാക്കുന്നതിന് ദിനബത്ത ഉൾപ്പെടെയുള്ള അടിസ്ഥാന മാസവേതനത്തെ 26 കൊണ്ട് ഭാഗിക്കേണ്ടതാണ്.

4. ഏതെങ്കിലും സ്ഥാപനത്തിലോ ഒരു തൊഴിലുടമയുടെ കീഴിലോ ജോലി ചെയ്യുന്ന, ജീവനക്കാർക്ക് അന്തിമ വിജ്ഞാപനപ്രകാരമുള്ള ഏറ്റവും കുറഞ്ഞ വേതനത്തേക്കാൾ ഉയർന്ന വേതനം ഇപ്പോൾ ലഭിക്കുന്നുണ്ടെങ്കിൽ അവർക്ക് തുടർന്നും ഉയർന്ന നിരക്കിൽ വേതനം നൽകേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ഡോ. വാസുകി കെ.,

ഗവൺമെന്റ് സെക്രട്ടറി.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERA
Date:2025.03.05 08:47:04